തുഞ്ചത്ത് എഴുത്തച്ഛൻ
**മലയാളസർവ്വകലാശാല**
വാക്കാട് പോസ്റ്റ്, മലപ്പുറം – 676 502

ഫോൺ – 9188 023 237
ഇമെയിൽ: admission@temu.ac.in

# ബിരുദാനന്തരബിരുദ അദ്ധ്യയനത്തിനുള്ള പ്രവേശന പ്രോസ്‌പെക്ടസ്

# 2025–26

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവ്വകലാശാല

# 1– സർവകലാശാല

കേരളസർക്കാറിന്റെ 2012 ലെ ഉത്തരവിലൂടെയാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല സ്ഥാപിതമായത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2013 ഏപ്രിലിൽ രൂപമെടുത്ത തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ആക്ട് നിലവിൽ വന്നു. 2012 നവംബർ ഒന്നിനാണ് സർവകലാശാല സാക്ഷാൽക്കരിക്കപ്പെട്ടത്. മാതൃഭാഷാഭിമാനം വളർത്താനും മലയാളി സമൂഹത്തിനിടയിൽ നിരവധി പഠനങ്ങൾ നിർവഹിക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് ഈ സർവകലാശാല സ്ഥാപിച്ചിട്ടുള്ളത്. സാഹിത്യം, ശാസ്ത്രം, മാനവികവിഷയങ്ങൾ, സാമൂഹ്യശാസ്ത്രം, സാങ്കേതിക വിദ്യ എന്നിവയെല്ലാം മലയാളമാധ്യമത്തിലൂടെ പഠിപ്പിക്കുക, മലയാളഭാഷ, താരതമ്യസാഹിത്യം, മലയാളവിമർശനം, സംസ്കാര–പൈതൃകം, ദക്ഷിണേന്ത്യൻ ഭാഷകളുടെ ലിപി പരിണാമം, ഗോത്രഭാഷകൾ, പ്രാദേശിക ഭാഷകൾ, മലയാള കവിത, ചെറുകഥ, നോവൽ, കേരളീയ നവോത്ഥാനം, ചരിത്രം, കേരളത്തിന്റെ വൈജ്ഞാനിക പാരമ്പര്യം, പുരാതത്വ വിജ്ഞാനം, മ്യൂസിയപഠനം, പരിഭാഷ എന്നിവയെയെല്ലാം മുൻനിർത്തി സവിശേഷപഠനങ്ങൾ നിർവഹിക്കുക എന്നിവയും ഈ സർവകലാശാലയുടെ സ്ഥാപിത ലക്ഷ്യങ്ങളാണ്. മലയാളഭാഷാ മാധ്യമത്തിലൂടെ ബിരുദ–ബിരുദാനന്തരബിരുദ പ്രോഗ്രാമുകളും ഗവേഷണ പ്രോഗ്രാമുകളും നിർവഹിക്കാനുള്ള സൗകര്യമാണ് സർവകലാശാല ഒരുക്കുന്നത്. കേരളത്തിന്റെ സാംസ്കാരിക – ബൗദ്ധിക പാരമ്പര്യത്തിന് ഊന്നൽ നൽകിയാണ് മേൽപ്പറഞ്ഞ കോഴ്സുകൾ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. കേരളത്തിന്റെ സാംസ്കാരികമായ ഈടുവെപ്പുകൾ ശേഖരിക്കുക, സംരക്ഷിക്കുക, അവതരിപ്പിക്കുക എന്നിവയും സർവകലാശാല അതിന്റെ പ്രധാന ദൗത്യമായി പരിഗണിക്കുന്നു. മാത്രമല്ല പുതിയ വിവരസാങ്കേതിക വിദ്യക്കനുഗുണമായി മലയാളത്തെ വികസിപ്പിക്കാനുള്ള പദ്ധതികളും സർവകലാശാലയുടെ പരിപ്രേക്ഷ്യത്തിൽ വരുന്നതാണ്.

മലയാളഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിൽ ഉന്നതനിലവാരമുള്ള ബിരുദ, ബിരുദാനന്തരബിരുദ കോഴ്സുകൾ നടത്തുന്നതിനായി മലയാളസർവകലാശാല പ്രധാനപ്പെട്ട മേഖലകളിൽ ഗവേഷണവും പുസ്തകങ്ങൾ, ജേണലുകൾ എന്നിവയുടെ പ്രസിദ്ധീകരണവും ആരംഭിച്ചിട്ടുണ്ട്. കേന്ദ്രമാനവ വിഭവശേഷി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ക്ലാസ്സിക്കൽ മലയാളത്തിനുവേണ്ടിയുള്ള മികവുകേന്ദ്രം മലയാളസർവകലാശാലയിലാണ് ആരംഭിച്ചിട്ടുള്ളത്. മലയാളഭാഷയെ സമകാലസാഹചര്യത്തിനനുസരിച്ച് ശാക്തീകരിക്കാനും മലയാളത്തിലെ കൃതികളെ മറ്റ് ഇന്ത്യൻ ഭാഷയിലേക്കും വിദേശഭാഷകളിലേക്കും തർജ്ജമ ചെയ്യാനും കൂടുതൽ ഉയർന്ന ഗവേഷണപഠനങ്ങൾ നിർവഹിക്കാനും ഉദ്ദേശിച്ചുകൊണ്ടാണ് പ്രസ്തുത മികവുകേന്ദ്രം മലയാളസർവകലാശാലയിൽ സ്ഥാപിച്ചിട്ടുള്ളത്. ചുരുക്കത്തിൽ ഏത് വിജ്ഞാനശാഖയും കൈകാര്യം ചെയ്യാൻ പാകത്തിൽ മലയാളത്തെ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് മലയാളസർവകലാശാല അതിന്റെ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്.

കേരളത്തിന്റെ ഭാഷ, സാഹിത്യം, കലകൾ, മറ്റ് സാംസ്കാരികാവിഷ്കാരങ്ങൾ, ബൗദ്ധിക പാരമ്പര്യം ആഴത്തിലുള്ള ജനജീവിതം എന്നിവയിലൂന്നിയുള്ള പഠനത്തിനായി സമർപ്പിക്കപ്പെട്ട സ്ഥാപനമാണ് മലയാളസർവകലാശാല സമകാല ജീവിതത്തിനാവശ്യമായ വിധം മേൽപ്പറഞ്ഞ മേഖലകളിൽ പുതിയ കാഴ്ചപ്പാടുകളും അറിവും സങ്കൽപ്പനങ്ങളും വികസിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. കേരളത്തിന്റെ സാംസ്കാരിക മണ്ഡലത്തിലുണ്ടാകുന്ന പരിണാമങ്ങളുടെ വഴികൾ നിരന്തരമായി നിരീക്ഷിക്കാനും വിലയിരുത്താനും അതിനനുഗുണമായി മലയാളഭാഷയേയും കേരളസംസ്കാരത്തേയും മലയാള ധൈഷണികതയേയും ഭാവിയുടെ വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയും വിധം സജ്ജമാക്കാനും സർവകലാശാല പ്രതിബദ്ധമാണ്.

# 2- പ്രോഗ്രാമുകൾ

നാല് സെമെസ്റ്ററുകളിലായി രണ്ട് വർഷം ദൈർഘ്യമുള്ളതാണ് ഈ പ്രോഗ്രാമുകൾ. എം. എ. പരിസ്ഥിപഠനം, എം. എസ്. സി. പരിസ്ഥിപഠനം എന്നീ പ്രോഗ്രാമുകൾക്ക് 10 സീറ്റ് വീതവും മറ്റെല്ലാ പ്രോഗ്രാമുകൾക്കും 20 സീറ്റുകൾ വീതവുമായിരിക്കും.

| നമ്പർ | പ്രോഗ്രാം | സീറ്റ് |
|---|---|---|
| 1 | എം.എ. ഭാഷാശാസ്ത്രം | 20 |
| 2 | എം.എ. മലയാളം (സാഹിത്യപഠനം) | 20 |
| 3 | എം.എ. മലയാളം (സാഹിത്യരചന) | 20 |
| 4 | എം.എ. മലയാളം (സംസ്കാര പൈതൃകം) | 20 |
| 5 | എം.എ. ജേർണലിസം & മാസ് കമ്മ്യൂണിക്കേഷൻ | 20 |
| 6 | എം.എ. പരിസ്ഥിതിപഠനം | 10 |
| 7 | എം.എസ് സി. പരിസ്ഥിതി പഠനം | 10 |
| 8 | എം എ. വികസനപഠനവും തദ്ദേശവികസനവും | 20 |
| 9 | എം.എ. ചരിത്രം | 20 |
| 10 | എം.എ. സോഷ്യോളജി | 20 |
| 11 | എം.എ. ചലച്ചിത്രപഠനം | 20 |
| 12 | എം. എ. താരതമ്യ സാഹിത്യ- വിവർത്തനപഠനം | 20 |
| | ആകെ | 220 |

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# 3- സീറ്റുകളുടെ വിഭജനം

എല്ലാ പ്രോഗ്രാമുകളുടെയും 50% സീറ്റുകൾ മെറിറ്റ് അടിസ്ഥാനത്തിലും 50% സീറ്റുകൾ സംവരണാടിസ്ഥാനത്തിലുമായിരിക്കും നികത്തുക.

**മെറിറ്റ് സീറ്റ് [50%]**

മൊത്തം സീറ്റുകളുടെ 50% നികത്തുന്നത് സർവ്വകലാശാല നടത്തുന്ന അഭിരുചിനിർണയപരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും.

**സംവരണ സീറ്റ്[50%]**

**1- നിർബന്ധിത സംവരണ സീറ്റുകൾ**

**സംസ്ഥാനത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം (SEBC)**

സംസ്ഥാനത്തെ സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന താഴെ പറയുന്ന വിഭാഗങ്ങളിൽ {SEBC] ഉൾപ്പെടുന്നവരിൽ നിന്നായിരിക്കും ഈ സീറ്റുകളിലേക്കുള്ള തിരഞ്ഞെടുപ്പ്.

i. ഈഴവ, തീയ്യ, ബില്ലവ (ETB)
ii. മുസ്ലിം
iii. ലാറ്റിൻ കാത്തലിക് (ആംഗ്ലോ ഇന്ത്യൻ വിഭാഗം ഒഴികെ)
iv. മറ്റ് പിന്നോക്ക ക്രിസ്ത്യൻ വിഭാഗം
v. മറ്റ് പിന്നോക്ക ഹിന്ദു വിഭാഗം

സംവരണവിഭാഗത്തിലേക്ക് പരിഗണിക്കപ്പെടണമെങ്കിൽ, സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന [SEBC] വിഭാഗത്തിൽ ഉൾപ്പെടുന്നവർ വില്ലേജ് ഓഫീസർ നൽകുന്ന സാധുവായ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**പട്ടിക ജാതി / പട്ടിക വർഗ്ഗ സീറ്റുകൾ**

പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങളിൽ ഉൾപ്പെടുന്ന വിദ്യാർഥികൾ ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകുന്ന ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**2- മറ്റ് സംവരണ സീറ്റുകൾ**

**സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗം** (EWS)

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതും എന്നാൽ മറ്റ് നിർബന്ധിത സംവരണ വിഭാഗങ്ങളിൽ ഉൾപ്പെടാത്തതുമായ വിദ്യാർഥികളാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുക. EWS വിഭാഗത്തിലേക്ക് പരിഗണിക്കപ്പെടുന്നതിന്, ബന്ധപ്പെട്ട റവന്യൂ അധികാരികൾ നൽകുന്ന, നിശ്ചിതമാതൃകയിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അന്ത്യോദയ അന്ന യോജന (AAY) / പ്രയോറിറ്റി ഹൌസ് ഹോൾഡ് (PHH) വിഭാഗത്തിൽപ്പെട്ടവർ അനുബന്ധം III ൽ നൽകിയിട്ടുള്ള ഫോറത്തിലും മറ്റുള്ളവർ അനുബന്ധം IV ൽ നൽകിയിട്ടുള്ള ഫോറത്തിലും സർട്ടിഫികറ്റുകൾ സമർപ്പിക്കേണ്ടതാണ്.

**ഭിന്നശേഷിവിഭാഗം**

ഭിന്നശേഷിവിഭാഗത്തിലേക്ക് പരിഗണിക്കപ്പെടണമെങ്കിൽ വിദ്യാർഥി യുണീക് ഡിസബിലിറ്റി ഐഡൻറിറ്റി കാർഡ് (UDID) അല്ലെങ്കിൽ 40% ത്തിൽ കുറയാത്ത ഡിസബിലിറ്റി രേഖപ്പെടുത്തിയതായി മെഡിക്കൽ ബോർഡ് നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഡിസബിലിറ്റി ഏത് വിഭാഗത്തിൽപ്പെടുന്നു എന്ന് സർട്ടിഫികറ്റിൽ/ കാർഡിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടായിരിക്കണം. ഭിന്നശേഷിവിഭാഗത്തിൽ ഉൾപ്പെടുന്നവർക്കുള്ള സംവരണക്രമം കാഴ്ചശേഷി, ബധിര-മൂക, അംഗപരിമിതർ, മറ്റു വിഭാഗക്കാർ എന്നിങ്ങനെയായിരിക്കും.

**3- പ്രത്യേക സംവരണ സീറ്റുകൾ**

ഭിന്നശേഷിവിഭാഗത്തിൽ [ഓട്ടിസം, ബുദ്ധിപരമായ ഭിന്നശേഷി (Intellectual disability), പഠനഭിന്നശേഷി (Specific learning disabilities), മാനസിക വെല്ലുവിളി (Mental Illness) എന്നിവയും ഉൾപ്പെടെ] ഉൾപ്പെടുന്ന വിദ്യാർഥികൾക്ക് ഓരോ പ്രോഗ്രാമിലും ഒരു സീറ്റ് വീതം മെറിറ്റ് അടിസ്ഥാനത്തിൽ, നിലവിലുള്ള പരമാവധി സീറ്റിനു പുറമേ, ലഭ്യമാക്കുന്നതാണ്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

# 4- പ്രവേശനയോഗ്യത

1- പ്രവേശനത്തിനുള്ള അടിസ്ഥാനയോഗ്യത കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നുള്ളതോ, കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയോ കേരളസർക്കാരോ അംഗീകരിച്ചതോ ആയ ബിരുദമായിരിക്കും.

2- **പ്രവേശന സമയത്ത് അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാം എന്ന വ്യവസ്ഥയിൽ അവസാന സെമെസ്റ്റർ പരീക്ഷ എഴുതി ബിരുദഫലം കാത്തിരിക്കുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.**

3- കേരളത്തിനു പുറത്തുള്ള സർവ്വകലാശാലയിൽനിന്ന് അടിസ്ഥാനയോഗ്യത നേടിയിട്ടുള്ളവർ തുല്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്

4- **എം. എസ്. സി. പരിസ്ഥിതിപഠനപ്രോഗ്രാമിന് അപേക്ഷിക്കുന്നവർ പ്ലസ് ടു തലത്തിൽ സയൻസ് പഠിച്ചിട്ടുണ്ടായിരിക്കണം.**

5- **അപേക്ഷകർ പ്രസ്തുത വിദ്യാഭ്യാസവർഷത്തിലെ ഏപ്രിൽ ഒന്നിന് (01-04-2026 ന്) 35 വയസ്സ് കഴിഞ്ഞവരാകരുത്. പട്ടികജാതി / പട്ടിക വർഗ്ഗം / ഭിന്നശേഷിയുള്ളവർ / പിന്നോക്ക വിഭാഗക്കാർ എന്നിവർക്ക് 37 വയസ്സു വരെയാകാം. സ്ത്രീകൾക്കും ഭിന്നലിംഗക്കാർക്കും പ്രായപരിധിയില്ല.**

6- **രണ്ടോ അതിൽ കൂടുതലോ ബിരുദാനന്തരബിരുദം കരസ്ഥമാക്കിയിട്ടുള്ളവർക്ക് മലയാള സർവ്വകലാശാലയിൽ ബിരുദാനന്തരബിരുദപഠനത്തിന് അർഹതയുണ്ടായിരിക്കില്ല.**

7- ആദ്യബിരുദാനന്തരബിരുദപഠനത്തിനായി അപേക്ഷിക്കുന്നവർക്ക് പ്രവേശനത്തിൽ മുൻഗണനയുണ്ടായിരിക്കുന്നതാണ്. ആദ്യബിരുദാനന്തരബിരുദവിദ്യാർഥികളുടെ പ്രവേശനം പൂർത്തീകരിച്ചതിനു ശേഷം ഒഴിവുവരുന്ന സീറ്റുകളിൽ മാത്രമേ അധിക ബിരുദാനന്തരബിരുദ വിദ്യാർഥികളുടെ പ്രവേശനം പരിഗണിക്കുകയുള്ളൂ.

8- ഇതുമായി ബന്ധപ്പെട്ട സത്യവാങ്മൂലം അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതാണ്.

9- സർവകലാശാല നടത്തുന്ന ഒരു അഭിരുചിനിർണയ പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും എല്ലാ പ്രോഗ്രാമുകളിലേക്കുമുള്ള പ്രവേശനം.

# 5- പ്രവേശനരീതി

സർവകലാശാല നടത്തുന്ന അഭിരുചിനിർണയപരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും എല്ലാ ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലേക്കുമുള്ള പ്രവേശനം. ഒരാൾക്ക് പരമാവധി മൂന്നു വിഷയങ്ങൾക്കുള്ള പ്രവേശനപരീക്ഷ എഴുതാവുന്നതാണ്. ഒരുമണിക്കൂർ ദൈർഘ്യമുള്ള വസ്തുനിഷ്ഠ (Objective) മാതൃകയിലും വിവരണാത്മക (Descriptive) മാതൃകയിലുമായി 50 മാർക്കിന്റെ പരീക്ഷയാണ് ഓരോ വിഷയത്തിനും ഉണ്ടാവുക. പൊതുവിജ്ഞാനവും ബിരുദാനന്തരബിരുദവിഷയവും അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളാവും ഉണ്ടാവുക. അഭിരുചിപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും (സാഹിത്യരചനാ പ്രോഗ്രാമിനൊഴികെ) റാങ്ക് പട്ടിക തയ്യാറാക്കുക.

**സാഹിത്യരചന പ്രോഗ്രാമിന് അപേക്ഷിക്കുന്നവർ അഞ്ചുപുറത്തിൽ കവിയാത്ത, സ്വന്തം രചന (ഒരു കഥ/ രണ്ട് കവിത / ഒരു നിരൂപണം) നിർബന്ധമായും അഭിരുചിപരീക്ഷാസമയത്ത് കൊണ്ടുവരികയും പരീക്ഷയുടെ ഉത്തരക്കടലാസിനോടൊപ്പം സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.** പ്രസ്തുതരചനയ്ക്ക് പരമാവധി 20 മാർക്ക് എന്ന നിലയിൽ മൂല്യനിർണ്ണയം നടത്തി അഭിരുചിപരീക്ഷയുടെ മാർക്കിനൊപ്പം ചേർത്താണ് റാങ്ക് പട്ടിക തയ്യാറാക്കുക.

സാഹിത്യരചനാ പ്രോഗ്രാമിന് 70 ലും (50+20) ബാക്കിവിഷയങ്ങൾക്ക് 50 ലുമായിരിക്കും മൊത്തം മാർക്ക്. ഇതിന്റെ 40% മാർക്കെങ്കിലും നേടിയാൽ മാത്രമേ റാങ്ക് പട്ടികയിൽ ഉൾപ്പെടുകയുള്ളൂ. പട്ടികജാതി / പട്ടിക വർഗ്ഗം / ഭിന്നശേഷിവിഭാഗം എന്നിവയിൽ ഉൾപ്പെടുന്നവർക്ക് 30% മാർക്ക് മതിയാകും. **അഭിരുചി പരീക്ഷയ്ക്കുള്ള ഹാൾടിക്കറ്റുകൾ ഇ-മെയിൽ വഴി ലഭ്യമാക്കുന്നതാണ്.** പരീക്ഷാകേന്ദ്രം, പരീക്ഷാതീയതി, സമയം എന്നിവ ഹാൾ ടിക്കറ്റിൽ ഉണ്ടായിരിക്കും.

അഭിരുചിനിർണയപരീക്ഷക്കുള്ള വിജ്ഞാപനവും അപേക്ഷ ഫോറവും സർവ്വകലാശാലയുടെ www. malayalamuniversity.edu.in എന്ന ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമായിരിക്കും.

അപേക്ഷകൾ ഓൺലൈനായി മാത്രമാണ് സമർപ്പിക്കേണ്ടത്. അപേക്ഷിക്കുന്നയാളിന്റെ ഫോട്ടോ, ഒപ്പ്, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ സ്കാൻ ചെയ്തു ചേർക്കേണ്ടതാണ്. **സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് (പകർപ്പ്) വിദ്യാർഥികൾ എടുത്ത് സൂക്ഷിച്ചു വെക്കേണ്ടതും പ്രവേശനസമയത്ത് സമർപ്പിക്കേണ്ടതുമാണ്.**

സർവ്വകലാശാല നടത്തുന്ന അഭിരുചിനിർണയപരീക്ഷയിൽ ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതും ആതിൽ നിന്ന് സംവരണക്രമം പാലിച്ചു കൊണ്ട് പ്രവേശനം നടത്തുന്നതുമാണ്.

അഭിരുചിനിർണയപരീക്ഷാറാങ്കിൽ തുല്യത വരുന്നപക്ഷം താഴെപ്പറയുന്നവ പരിഗണിച്ച് പ്രതിസന്ധി പരിഹരിക്കുന്നതാണ്

- അടിസ്ഥാനയോഗ്യതാ പരീക്ഷയിൽ പ്രധാന വിഷയമായോ രണ്ടാംഭാഷയായോ മലയാളം പഠിച്ചിട്ടുള്ളവർ
- ജനനത്തീയതി (ഉയർന്ന പ്രായമുള്ളയാൾക്ക് ഉയർന്ന റാങ്ക്)
- സർവ്വകലാശാലയുടെ സമീപ പഞ്ചായത്തുകളായ വെട്ടം, മംഗലം, നിറമരുതൂർ, തലക്കാട്, പുറത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലെ സ്ഥിരതാമസക്കാർ. [ബന്ധപ്പെട്ട വില്ലേജ്/ പഞ്ചായത്ത് അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ]

# 6- പ്രവേശന സമയത്ത് സമർപ്പിക്കേണ്ട രേഖകൾ

പ്രവേശന സമയത്ത് ഹാജരാക്കേണ്ട വിവിധ രേഖകൾ /സർട്ടിഫിക്കറ്റുകൾ താഴെക്കൊടുത്ത പ്രകാരമായിരിക്കും

| | | |
|---|---|---|
| 1 | എസ് എസ് എൽ സി (SSLC) സർട്ടിഫിക്കറ്റ് | എല്ലാ വിഭാഗക്കാരും നിർബന്ധമായും ഹാജരാക്കേണ്ടതാണ്. |
| 2 | ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ് [പ്ലസ് ടു / വി എച്ച് എസ് സി/സി ബി എസ് ഇ] | |
| 3 | ബിരുദകോഴ്സിന്റെ കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡ് | |
| 4 | ബിരുദകോഴ്സിന്റെ പ്രൊവിഷനൽ / ഒറിജിനൽ ഡിഗ്രി സർട്ടിഫിക്കറ്റ് | |
| 5 | വിടുതൽ സർട്ടിഫിക്കറ്റ് (TC) | |
| 6 | സ്വഭാവ സർട്ടിഫികറ്റ് (Conduct Certificate) | |
| 7 | ആധാർ കാർഡിന്റെ പകർപ്പ് | |
| 8 | നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് | സംവരണവിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ മാത്രം |
| 9 | ജാതി സർട്ടിഫിക്കറ്റ് | വയസ്സിളവിന് അർഹതയുള്ളർ മാത്രം |
| 10 | ഭിന്നശേഷി സർട്ടിഫിക്കറ്റ് | |
| 11 | തുല്യതാ സർട്ടിഫിക്കറ്റ് | ബിരുദം കേരളത്തിനു പുറത്തുനിന്നുള്ള സർവ്വകലാശാലയിൽ നിന്നാണെങ്കിൽ |
| 12 | എല്ലാ അപേക്ഷകരും നിർബന്ധമായും **എ ബി സി (ABC) / അപാർ (APAAR) ഐഡി** നമ്പർ എടുക്കേണ്ടതും ആയത് അഡ്മിഷൻ സമയത്ത് ലഭ്യമാക്കേണ്ടതുമാണ്. | |
| 13 | പ്രവേശനസമയത്ത് സമർപ്പിക്കാൻ ആവശ്യപ്പെടുന്ന മറ്റ് രേഖകൾ | |

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല

# പ്രവേശന സമയത്ത് അടക്കേണ്ട ഫീസുകൾ

| വിഭാഗം | ഫീസ് ഇനം | | തുക | |
|---|---|---|---|---|
| പട്ടികജാതി/പട്ടിക വർഗ്ഗം വിഭാഗത്തിൽ പെട്ടവർ | സുരക്ഷാനിക്ഷേപം (ജനറൽ) | | 555 | ആകെ –2,050 |
| | സുരക്ഷാനിക്ഷേപം (ലൈബ്രറി) | | 555 | |
| | പൂർവ്വ വിദ്യാർഥി അംഗത്വ ഫീസ് | | 110 | |
| | അധ്യാപക രക്ഷാകർതൃ സംഘടന (പി ടി എ) | | 830 | |
| മറ്റുള്ളവർ | രജിസ്ട്രേഷൻ ഫീസ് | | 555 | ആകെ –4,370 |
| | അദ്ധ്യയന ഫീസ് (സെമെസ്റ്റർ) | | 1,105 | |
| | മാഗസിൻ ഫീ | | 220 | |
| | സർവകലാശാലാ യൂണിയൻ ഫീസ് | | 220 | |
| | പൂർവ്വ വിദ്യാർഥി അംഗത്വ ഫീസ് | | 110 | |
| | ലൈബ്രറി ഫീ (വാർഷികം) | | 220 | |
| | സുരക്ഷാനിക്ഷേപം | ലൈബ്രറി | 555 | |
| | സുരക്ഷാനിക്ഷേപം | ജനറൽ | 555 | |
| | അധ്യാപക രക്ഷാകർതൃ സംഘടന (പി ടി എ) | | 830 | |

മേൽ കൊടുത്തിട്ടുള്ള ഫീസ് നിരക്ക് 2024–25 വർഷത്തിൽ നിലവിലുള്ള ഫീസ് നിരക്കാണ്. കാലാകാലങ്ങളിൽ നിലവിൽവരുന്ന ഫീസ് നിരക്കുമാറ്റം ബാധകമായിരിക്കും. പ്രവേശനം നടക്കുന്ന സമയത്ത് നിലവിലുള്ള ഫീസ് അടക്കുന്നതിന് വിദ്യാർഥികൾ ബാധ്യസ്ഥരായിരിക്കും.

# പൊതുവായ കാര്യങ്ങൾ

1. വിദ്യാർത്ഥികൾ ശ്രദ്ധാപൂർവ്വമേ അപേക്ഷാ സമർപ്പണം നടത്താവൂ. അപേക്ഷയിലെ അപാകതകൾമൂലം പ്രവേശനം നഷ്ടപ്പെടുന്ന സാഹര്യമുണ്ടായാൽ മുഴുവൻ ഉത്തരവാദിത്തവും അതത് അപേക്ഷകർക്കായിരിക്കും.
2. സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് (പകർപ്പ്) വിദ്യാർഥികൾ എടുത്ത് സൂക്ഷിച്ചു വെക്കേണ്ടതും പ്രവേശനസമയത്ത് സമർപ്പിക്കേണ്ടതുമാണ്.
3. റാങ്ക് ലിസ്റ്റ്, അഡ്മിഷൻ ഷെഡ്യൂൾ, അഡ്മിഷൻ മെമ്മോ, പ്രവേശനപരീക്ഷാ വിശദാംശങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട സുപ്രധാന അറിയിപ്പുകൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. അലോട്ട്മെന്റ്/ അഡ്മിഷൻ എന്നിവയുമായി ബന്ധപ്പെട്ട വ്യക്തിഗത അറിയിപ്പുകൾ സർവ്വകലാശാല നൽകുന്നതല്ല.
4. ഒരു ബിരുദം നേടിയശേഷം മറ്റൊരു ബിരുദത്തിനു പഠിക്കുമ്പോഴും ഒരു ബിരുദാനന്തര ബിരുദത്തിനുശേഷം മറ്റൊരു ബിരുദാനന്തരബിരുദത്തിനു പഠിക്കുമ്പോഴും വിദ്യാർഥികൾക്കു യാതൊരുവിധ ഫീസിളവുകളോ ഹോസ്റ്റൽ സൌകര്യമോ അനുവദിക്കുന്നതല്ല. ഇത്തരം വിദ്യാർഥികളെ വിദ്യാർഥി യൂണിയൻ തിരഞ്ഞെടുപ്പിൽ പങ്കെടുക്കാനും അനുവദിക്കുന്നതല്ല.
5. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്നതും, തെറ്റായതും, അപൂർണ്ണമായതുമായ അപേക്ഷകൾ യാതൊരു അറിയിപ്പും കൂടാതെ തന്നെ നിരസിക്കപ്പെടുന്നതാണ്
6. വിദ്യാർത്ഥികൾ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പ്രവേശന സമയത്ത് സമർപ്പിക്കേണ്ടതാണ്.
7. പ്രവേശന സമയത്ത് ഹാജരാക്കുന്ന എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ സാധുത പരിശോധിച്ചു ബോധ്യപ്പെട്ട്, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ലഭ്യമാക്കിയതിനു ശേഷം, തിരികെനൽകുന്നതാണ്.
8. വിദ്യാർഥികൾ ഹാജരാക്കുന്ന സ്വഭാവസർട്ടിഫിക്കറ്റ് അവർ അവസാനം പഠിച്ച സ്ഥാപനത്തിൽ (ടി സി നൽകുന്ന) നിന്നുള്ളതായിരിക്കണം. വിദൂരവിദ്യാഭ്യാസം വഴി പഠനം പൂർത്തിയാക്കിയവർ, പഠനം അവസാനിപ്പിച്ചിട്ട് മൂന്നു വർഷത്തിൽ കൂടുതലായവർ എന്നിവർ ഗസറ്റഡ് ഓഫീസറിൽ നിന്ന് ആറു മാസത്തിനുള്ളിൽ വാങ്ങിയിട്ടുള്ള സ്വഭാവസർട്ടിഫിക്കറ്റു കൂടി സമർപ്പിക്കണം.
9. പ്രവേശന സമയത്ത് വിദ്യാർത്ഥികൾ എല്ലാ അസ്സൽ രേഖകളും ഹാജരാക്കേണ്ടതും നിശ്ചയിച്ചിട്ടുള്ള ഫീസ് പൂർണ്ണമായും അടയ്ക്കേണ്ടതുമാണ്. പ്രവേശനത്തിന് ഹാജരാകുന്ന സമയത്ത് ഏതെങ്കിലും രേഖകൾ ഹാജരാക്കാതിരുന്നാലോ, മതിയായ ഫീസ് അടയ്ക്കാതിരുന്നാലോ പ്രവേശനം അനുവദിക്കുന്നതല്ല.
10. ഈ പ്രോസ്പെക്ടസിലെ ഏതു വകുപ്പുകളും ഫീസ് നിരക്കുകളും നിബന്ധനകളും കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവ്, സർവ്വകലാശാലാ നിർദ്ദേശങ്ങൾ/ ഉത്തരവുകൾ എന്നിവയ്ക്കനുസൃതമായ മാറ്റങ്ങൾ, കൂട്ടിച്ചേർക്കലുകൾ, തിരുത്തലുകൾ എന്നിവ യഥാസമയം ഉൾപ്പെടുത്തുന്നതിനുള്ള അധികാരം സർവകലാശാലയിൽ നിക്ഷിപ്തമായിരിക്കും.